മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്
കോഴിക്കോട്, തിയ്യതി. 24.11.2022

എഫ്6/39190/2022

**താൽപര്യപത്രം ക്ഷണിക്കുന്നു.**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ നിന്നും ഗാർഹിക ബയോമെഡിക്കൽ മാലിന്യം, ഡൊമസ്റ്റിക് ഹസാർഡ്സ് വേസ്റ്റ്, വെറ്റ് വേസ്റ്റ് (ഡയപ്പർ, നാപ്കിൻ) എന്നിവ 1227/22/എൽ.എസ്.ജി.ഡി സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേകങ്ങൾക്ക് വിധേയമായി ശേഖരിക്കുന്നതിനും, സംഭരിക്കുന്നതിനും, ശാസ്ത്രീയമായി കൈയ്യൊഴിയുന്നതിനും താൽപര്യമുള്ളവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ നഗരസഭയുടെ www.kozhikodecorporation.lsgkerala.gov.in വെബ് സൈറ്റിലും ഹെൽത്ത് വിഭാഗത്തിൽ നിന്നും ലഭ്യമാണ്. താൽപര്യപത്രം ഓഫീസിൽ സ്വീകരിക്കുന്ന അവസാന തിയ്യതി 15.12.2022 ആണ്.

**ഹെൽത്ത് ഓഫീസർ**
കോഴിക്കോട് മുനിപ്പൽ കോർപ്പറേഷൻ

ജി.എം. 24.11.22

Scanned by CamScanner

സ.ഉ.(സാധാ) നം.1227/2022/LSGD

"ലോകാസമസ്താ സുഖിനോഭവന്തു"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗാർഹിക ബയോ മെഡിക്കൽ മാലിന്യം ശേഖരണം, സംഭരണം, കൈയ്യൊഴിയൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1227/2022/LSGD    തീയതി,തിരുവനന്തപുരം, 16-05-2022

പരാമർശം:- (1) ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 15.09.2021-ലെ E10/CKCL/2021 നമ്പർ കത്ത്.

(2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.03.2022-ലെ 987/G/2021/SM നമ്പർ കത്ത്.

ഉത്തരവ്

ബയോമെഡിക്കൽ / സാനിട്ടറി മാലിന്യം നീക്കം ചെയ്യുന്നത് സംബന്ധിച്ച പദ്ധതി നടപ്പാക്കുന്നതിനുള്ള (ശേഖരണം മുതൽ സംസ്കരണം വരെ) കരട് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനക്കായി ക്ലീൻ കേരള കമ്പനി പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു. പരാമർശം (2) പ്രകാരം പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിന്മേലുള്ള റിപ്പോർട്ട് ശുചിത്വമിഷൻ ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗാർഹിക ബയോ മെഡിക്കൽ മാലിന്യം ശേഖരണം, സംഭരണം, കൈയ്യൊഴിയൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാർഗ്ഗ നിർദ്ദേശം അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
(തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ മുഖേന)

Scanned by CamScanner

15252302022

## ഗാർഹിക ബയോ മെഡിക്കൽ മാലിന്യം ശേഖരണം

## സംഭരണം കൈയ്യൊഴിയൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള

## മാർഗ്ഗ നിർദ്ദേശം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകൾ, അപ്പാർട്ടുമെൻറുകൾ, ഗേറ്റഡ് കോളനികൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ, ഹോട്ടലുകൾ മുതലായ വാസസ്ഥലങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിപൽക്കരമായ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങളായ, ഉപയോഗിച്ച് ഉപേക്ഷിക്കുന്ന സാനിട്ടറി നാപ്കിൻ, ബേബി ഡയപ്പർ, മുതിർന്നവരും കിടപ്പുരോഗികളും ഉപയോഗിക്കുന്ന ഡയപ്പറുകൾ, മരുന്നുകളുടെ കവറുകൾ, കാലാവധി കഴിഞ്ഞ ഗുളികകൾ, ക്യാപ്സൂളുകൾ, സിറിഞ്ച്, സിറിഞ്ചിനോടൊപ്പമുള്ളതോ പ്രത്യേകമായതോ ആയ സൂചികൾ, പ്ലാസ്റ്റിക്ക്/ഗ്ലാസ് മരുന്നു കുപ്പികൾ എന്നിവ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും കൊച്ചി അമ്പലമേടിൽ സ്ഥാപിതമായിട്ടുള്ള കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് ശാസ്ത്രീയമായ സംസ്കരണത്തിനായി കൈയ്യൊഴിയുന്നതിനും ആവശ്യമായ സംവിധാനം പ്രാവർത്തികമായിട്ടുണ്ട്. ഇത് ഫലപ്രദമായി ഉപയോഗിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ശേഖരിക്കേണ്ട വസ്തുക്കളുടെ വിശദാംശം.

ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങളെ ഡ്രൈ വേസ്റ്റ്, വെറ്റ് വേസ്റ്റ് എന്ന് രണ്ടായി തിരിച്ചിരിക്കുന്നു.

1. **ഡ്രൈവേസ്റ്റ്**

ഉപയോഗിക്കാത്തതും കാലാവധി കഴിഞ്ഞതുമായ ഖരരൂപത്തിലുള്ള മരുന്നുകൾ ഉപയോഗ ശേഷം ഒഴിഞ്ഞ മരുന്നുകളുടെ കവറുകൾ, (സ്ട്രിപ്പുൾപ്പെടെ) ഒഴിഞ്ഞ പ്ലാസ്റ്റിക്ക്/ഗ്ലാസ്സ് മരുന്ന് കുപ്പികൾ, ഉപയോഗിച്ച സിറിഞ്ചുകൾ, സിറിഞ്ചിനോടൊപ്പമോ പ്രത്യേകമായുള്ളതോ ആയ സൂചികൾ മുതലായവ.

2. **വെറ്റ് വേസ്റ്റ്**

ഉപയോഗിച്ച് ഉപേക്ഷിക്കുന്ന സാനിട്ടറി നാപ്കിൻ, കുട്ടികളുടെ ഡയപ്പർ, മുതിർന്നവരും കിടപ്പുരോഗികളും ഉപയോഗിച്ച ഡയപ്പറുകൾ.

2. **ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കേണ്ട രീതി**

വിവിധ ഇനം ഗാർഹിക ബയോമെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിന് വ്യത്യസ്ത

Scanned by CamScanner

നിറങ്ങളിലുള്ള പോളിത്തീൻ ബാഗുകൾ ഉപയോഗിക്കണം.

1. സാനിട്ടറി നാപ്കിൻ, ഡയപ്പറുകൾ, രക്താംശമുള്ള മറ്റ് വസ്തുക്കൾ - മഞ്ഞ നിറത്തിലുള്ള പോളിത്തീൻ ബാഗുകൾ.

2. ഉപയോഗ ശൂന്യമായ മരുന്നുകൾ, ഗുളികകൾ, മരുന്ന് സ്ട്രിപ്പുകൾ മുതലായവ - നീലനിറത്തിലുള്ള പോളിത്തീൻ ബാഗുകൾ.

3. സൂചി ഘടിപ്പിച്ച സിറിഞ്ചുകൾ, സൂചികൾ, ബ്ലേഡ്, മലിനമായ മൂർച്ചയേറിയ മറ്റ് വസ്തുക്കൾ - വെള്ള നിറത്തിലുള്ള പോളിത്തീൻ ബാഗുകൾ.

4. ഡിസ്പോസിബിൾ ഇനങ്ങളായ കുഴലുകൾ, ഗ്ലൗസുകൾ, യൂറിൻബാഗ്, സൂചി ഇല്ലാത്ത സിറിഞ്ചുകൾ പ്ലാസ്റ്റിക്ക്/ഗ്ലാസ് മരുന്ന കുപ്പികൾ - ചുവപ്പ് നിറത്തിലുള്ള പോളിത്തീൻ ബാഗുകൾ.

5. എവിടെ നിന്നാണോ മാലിന്യം ശേഖരിക്കാൻ ഉദ്ദേശിക്കുന്നത് അതത് സ്ഥലങ്ങളിൽ വ്യത്യസ്ത നിറങ്ങളിലുള്ള പോളിത്തീൻ ബാഗ് മുൻകൂട്ടി വിതരണം ചെയ്യണം. ആവശ്യമെങ്കിൽ ഈ ബാഗുകൾ കെ.ഇ.ഐ.എല്ലിൽ നിന്നും വാങ്ങാവുന്നതാണ്.

6. പോളിത്തീൻ ബാഗുകളിൽ ശേഖരിക്കുന്ന വസ്തുക്കൾ ശേഖരിച്ച ശേഷം യാതൊരു കാരണവശാലും ബാഗ് തുറന്ന് പുറത്തെടുക്കുവാൻ പാടുള്ളതല്ല.

7. ശേഖരിക്കുന്നതിനായി നിയോഗിക്കപ്പെടുന്നവർക്ക് പേഴ്സണൽ പ്രൊട്ടക്ഷൻ കിറ്റ് ലഭ്യമാക്കണം.

3. **റിപൽക്കരമായ ഗാർഹിക സാനിട്ടറി മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, കൈയ്യൊഴിയൽ**

1. സാനിട്ടറി മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, കൈയ്യൊഴിൽ ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമായിരിക്കും. [2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടം 15 (i)]

2. പ്രസ്തുത ആവശ്യത്തിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത കർമ്മ സേന അംഗങ്ങളെയോ അവരുടെ കൺസോഷ്യത്തെയോ ചുമതലപ്പെടുത്താവുന്നതാണ്.

3. സംരംഭകർ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരിൽ നിന്നും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തെരെഞ്ഞെടുക്കാവുന്നതുമാണ്. (താല്പര്യപത്രം ക്ഷണിക്കുന്നതിനുള്ള മാതൃകാ താല്പര്യപത്രവും അപേക്ഷാ ഫോറവും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു).

4. ഏതെങ്കിലും കാരണവശാൽ സ്വകാര്യ ഏജൻസികൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത ചുമതല ക്ലീൻ

Scanned by CamScanner

കേരള കമ്പനിയെ ഏൽപ്പിക്കാവുന്നതാണ്.

5. സ്വകാര്യ ഏജൻസികളെ കണ്ടെത്തുകയാണെങ്കിൽ അവർക്ക് വേണ്ട യോഗ്യതകൾ ചുവടെ ചേർക്കുന്നു.

യോഗ്യതകൾ

1. മുനിസിപ്പൽ ഖര/ദ്രവ മാലിന്യ സംസ്കരണ മേഖലയിലെ മുന്നനുഭവം - കുറഞ്ഞത് 3 വർഷം (സ്റ്റാർട്ടപ്പുകൾ, നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നവർ എന്നിവർക്ക് മുൻപരിചയം ആവശ്യമില്ല)

2. സാമ്പത്തിക ശേഷി - കഴിഞ്ഞ 2 വർഷത്തിലെ ആഡിറ്റ് റിപ്പോർട്ട് (2018-19, 2019-20) പ്രകാരം വാർഷിക വിറ്റുവരവ് 5 ലക്ഷം രൂപയിൽ കുറയരുത്.

3. GST/PAN രജിസ്ട്രേഷൻ ഉണ്ടായിരിക്കണം

4. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ള കൺസന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റ്

4. ഗാർഹിക ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള ചെലവ്

1. ഗാർഹിക ബയോമെഡിക്കൽ മാലിന്യത്തിന്റെ ശേഖരണം, സംഭരണം, സംസ്കരണത്തിനായി കയ്യൊഴിയൽ എന്നീ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന ചെലവ് മാലിന്യം ഉല്പാദിപ്പിക്കുന്നവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2. ഇതിനുവേണ്ടി വരുന്ന ചെലവ് യാതൊരു കാരണവശാലും നഗരസഭ വഹിക്കുന്നതല്ല

3. മാലിന്യം ശേഖരിക്കുന്നതിനു വേണ്ടി വരുന്ന പോളിത്തീൻ ബാഗുകൾ നിശ്ചിത വിലക്ക് കെ.ഇ.ഐ.എല്ലിൽ നിന്നോ പൊതുവിപണിയിൽ നിന്നോ വാങ്ങാവുന്നതാണ്.

4. മാലിന്യം ശേഖരിച്ച ശേഷം സംസ്കരണ കേന്ദ്രമായ കെ.ഇ.ഐ.എല്ലിലേക്ക് നീക്കം ചെയ്യുന്നതിനുവേണ്ടി വരുന്ന വാഹന ചിലവ്, കയറ്റിറക്ക് ചെലവ്, ഈ പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെടുന്നവരുടെ വേതനം, കെ.ഇ.ഐ.എല്ലിൽ സംസ്കരിക്കുന്നതിനുള്ള ചെലവ് എന്നിവ ഈ പ്രവർത്തനം ഏറ്റെടുക്കുന്ന സംരംഭകൻ, സ്ഥാപനം, സംഘടന ആരാണോ അവർ വഹിക്കേണ്ടതാണ്.

5. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ഇ.ഐ.എൽ) , അവരുടെ ബയോമെഡിക്കൽ പ്ലാന്റിൽ മാലിന്യം സംസ്കരിക്കുന്നതിന് ഒരു കിലോഗ്രാമിന് 28.50

Scanned by CamScanner

രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

6. കെ.ഇ.ഐ.എല്ലിന്റെ വാഹനം ഉപയോഗിക്കുകയാണെങ്കിൽ വാഹനത്തിൽ കയറ്റാവുന്ന ഭാരത്തിന്റെ (ടണ്ണേജ്) അടിസ്ഥാനത്തിൽ കിലോമീറ്റർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

7. മുകളിൽ 3,4,5,6 ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള ചെലവിനങ്ങൾ കണക്കാക്കി മാലിന്യത്തിന്റെ തൂക്കത്തിനാനുപാതികമായി ഒരു കിലോ ഗ്രാമിന് 50 രൂപയും ജി.എസ്.റ്റിയും ഉല്പാദകരിൽ നിന്ന് ഈടാക്കാവുന്നതാണ്.

8. മാലിന്യം ശേഖരിക്കുമ്പോൾ തന്നെ വേസ്റ്റ് പ്രോസസിംഗ് എക്സ്പെൻസ് (WPE) ഉല്പ്പാദകനിൽ നിന്നും ഈടാക്കാവുന്നതാണ്.

9. മാലിന്യം ഉല്പാദിപ്പിക്കുന്നവരിൽ നിന്നും ചിലവ് ഈടാക്കുമ്പോൾ അതിന് ശരിയായ രസീത് നൽകേണ്ടതാണ്. രസീതിൽ നഗരസഭയുടെ സീൽ പതിക്കേണ്ടതും നഗരസഭ നൽകുന്ന ലൈസൻസിന്റെ നമ്പർ അച്ചടിച്ചിരിക്കേണ്ടതുമാണ്.

10. കെ.ഇ.ഐ.എൽ മുഖേന മാലിന്യം സംസ്കരിക്കുമ്പോൾ പ്രസ്തുത സ്ഥാപനവുമായി ഉണ്ടാകുന്ന സാമ്പത്തിക ഇടപാടുകൾ കരാറുകാരൻ തന്നെ തീർപ്പാക്കേണ്ടതും യാതൊരു കാരണവശാലും നഗരസഭ ഉത്തരവാദിയാകുന്നതുമല്ല.

11. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും കൺസന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം മാത്രമേ ശേഖരണ പ്രക്രിയ ആരംഭിക്കാവൂ.

12. ജി.പി.എസ് സംഘടിപ്പിച്ച വാഹനത്തിലായിരിക്കണം മാലിന്യം സംസ്കരണ കേന്ദ്രത്തിലെത്തിക്കേണ്ടത്

5. ഗാർഹിക ബയോമെഡിക്കൽ മാലിന്യത്തിന്റെ ഉല്പ്പാദനവും സംസ്കരണവും

ഗാർഹിക ബയോമെഡിക്കൽ മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്ന വീടുകൾ, അപ്പാർട്ട്മെന്റുകൾ, ഹോട്ടലുകൾ, ലോഡ്ജുകൾ തുടങ്ങിയ വാസസ്ഥലങ്ങളുടെ ഉടമസ്ഥർ, ചുമതലപ്പെട്ടവർ, അസോസിയേഷനുകളുടെ ഭാരവാഹികൾ യാതൊരു കാരണവശാലും നഗരസഭയുടെ അംഗീകാരമില്ലാത്ത ഏജൻസികൾക്ക്/വ്യക്തികൾക്ക് മാലിന്യം കൈമാറാൻ പാടുള്ളതല്ല. മാലിന്യം കത്തിക്കുന്നതും അലക്ഷ്യമായി വലിച്ചെറിയുന്നതും ഇതര അജൈവ മാലിന്യത്തിനൊപ്പം കൈമാറുന്നതും 2016 ലെ ബയോമെഡിക്കൽ റൂൾസ് പ്രകാരം ശിക്ഷാർഹമാണ്. ജൈവ-അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തരംതിരിക്കുകയും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുകയും അജൈവമാലിന്യങ്ങൾ കൈയ്യൊഴിയുകയും ചെയ്യുന്നതുപോലെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ

Scanned by CamScanner

പ്രത്യേകമായി ലഭ്യമാകുന്ന പോളിത്തീൻ ബാഗിൽ സൂക്ഷിക്കേണ്ടതും അംഗീകാരമുള്ള ഏജൻസിക്ക് മാത്രം കൈമാറുകയും ചെയ്യേണ്ടതാണ്. ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നത് ചെലവേറിയ പ്രവർത്തനമായതിനാൽ ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഏജൻസികൾക്ക് ഇക്കത്തിനാനുപാതികമായി സർക്കാർ നിശ്ചയിക്കുന്ന വേസ്റ്റ് പ്രോസസിംഗ് എക്സ്പെൻസായി 50 രൂപയും ജി.എസ്.ടിയും സർവ്വീസ് ചാർജായി നൽകേണ്ടതാണ്.

ഗാർഹിക ബയോമെഡിക്കൽ മാലിന്യ ശേഖരണം സംഭരണം കൈയ്യൊഴിയൽ

<u>താല്പര്യപത്രം ക്ഷണിക്കുന്നു</u>

……………..നഗരസഭയിലെ വിവിധ വാർഡുകളിലെ /ഡിവിഷനുകളിലെ വീടുകൾ, അപ്പാർട്ടമെന്റുകൾ, ഗേറ്റഡ് കോളനികൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ, ഹോട്ടലുകൾ മുതലായ വാസസ്ഥലങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങളായ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന സാനിട്ടറി നാപ്കിൻ, ബേബി ഡയപ്പർ, മുതിർന്നവർക്കും കിടപ്പുരോഗികൾക്കും ഉപയോഗിക്കുന്ന ഡയപ്പറുകൾ, മരുന്നുകളുടെ കവറുകൾ, കാലാവധി കഴിഞ്ഞ ഗുളികകൾ, ക്യാപ്സ്യൂളുകൾ, സിറിഞ്ച്, സിറിഞ്ചിനോടൊപ്പമുള്ളതോ പ്രത്യേക മായതോ ആയ സൂചികൾ എന്നിവ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും കൊച്ചി അമ്പലമേടിൽ സ്ഥാപിതമായിട്ടുള്ള കേരള എൻവിറോ ഇന്ഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് ശാസ്ത്രീയമായ സംസ്കരണത്തിനായി കൈയ്യൊഴിയുന്നതിനും താല്പര്യമുള്ള വ്യക്തികൾ, സംരംഭകർ, സംഘടനകൾ എന്നിവരിൽ നിന്നും നിശ്ചിത ഫാറത്തിൽ താല്പര്യ പത്രം ക്ഷണിക്കുന്നു. താല്പര്യ പത്രം ……. തീയതിക്ക് മുമ്പായി ….. നഗരസഭാ സെക്രട്ടറിക്ക് ലഭിക്കണം.

1. യോഗ്യതകൾ

Scanned by CamScanner

1. മുനിസിപ്പൽ ലെവൽ/ഗ്രാമ മാലിന്യ സംസ്കരണ മേഖലയിലെ മുന്നനുഭവം - കുറഞ്ഞത് 3 വർഷം (സ്റ്റാർട്ടപ്പുകൾ, നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നവർ എന്നിവർക്ക് മുൻപരിചയം ആവശ്യമില്ല)

2. സാമ്പത്തിക ശേഷി - കഴിഞ്ഞ 2 വർഷത്തിലെ ആഡിറ്റ് റിപ്പോർട്ട് (2018-19, 2019-20) പ്രകാരം വാർഷിക വിറ്റുവരവ് 5 ലക്ഷം രൂപയിൽ കുറയരുത്.

3. GST/PAN രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കിയിട്ടുള്ള കൺസന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റ്.

4. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ള കൺസന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റ്

2. ശേഖരിക്കേണ്ട വസ്തുക്കളുടെ വിശദാംശം

ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങളെ ഡ്രൈ വേസ്റ്റ്, വെറ്റ് വേസ്റ്റ് എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു.

1. ഡ്രൈ വേസ്റ്റ്

ഉപയോഗിക്കാത്തതും കാലാവധി കഴിഞ്ഞതുമായ ഖരരൂപത്തിലുള്ള മരുന്നുകൾ, ഉപയോഗ ശേഷം ഒഴിഞ്ഞ മരുന്നുകളുടെ കവറുകൾ, (സ്ട്രിപ്പുകൾ പ്പെടെ) ഒഴിഞ്ഞ പ്ലാസ്റ്റിക്/ഗ്ലാസ് മരുന്ന് കുപ്പികൾ, ഉപയോഗിച്ച സിറിഞ്ചുകൾ, സിറിഞ്ചിനോടൊപ്പമോ പ്രത്യേകമായുള്ളതോ ആയ സൂചികൾ മുതലായവ.

2. വെറ്റ് വേസ്റ്റ്

ഉപയോഗിച്ച് ഉപേക്ഷിക്കുന്ന സാനിട്ടറി നാപ്കിൻ, കുട്ടികളുടെ ഡയപർ, മുതിർന്നവരും കിടപ്പുരോഗികളും ഉപയോഗിച്ച ഡയപ്പറുകൾ

3. ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കേണ്ട രീതി

വിവിധ ഇനം ഗാർഹിക ബയോമെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിന് വ്യത്യസ്ത നിറങ്ങളിലുള്ള പോളിത്തീൻ ബാഗുകൾ ഉപയോഗിക്കണം.

Scanned by CamScanner

1. സാനിട്ടറി നാപ്കിൻ, ഡയപ്പറുകൾ, രക്താംശമുള്ള മറ്റ് വസ്തുക്കൾ - മഞ്ഞ നിറത്തിലുള്ള പോളിത്തീൻ ബാഗുകൾ.

2. ഉപയോഗ ശൂന്യമായ മരുന്നുകൾ, ഗുളികകൾ, മരുന്ന് സ്ട്രിപ്പുകൾ മുതലായവ - നീലനിറത്തിലുള്ള പോളിത്തീൻ ബാഗുകൾ.

   3 . സൂചി ഘടിപ്പിച്ച സിറിഞ്ചുകൾ, സൂചികൾ, ബ്ലേഡ്, മലിനമായ മൂർച്ചയേറിയ മറ്റ് വസ്തുക്കൾ - വെള്ള നിറത്തിലുള്ള പോളിത്തീൻ ബാഗുകൾ.

   4. ഡിസ്പോസിബിൾ ഇനങ്ങളായ കുഴലുകൾ, ഗ്ലൗസുകൾ, യൂറിൻ ബാഗ്, സൂചി ഇല്ലാത്ത സിറിഞ്ചുകൾ പ്ലാസ്റ്റിക്ക്/ഗ്ലാസ് മരുന്ന കുപ്പികൾ - ചുവപ്പ് നിറത്തിലുള്ള പോളിത്തീൻ ബാഗുകൾ.

   5 . എവിടെ നിന്നാണോ മാലിന്യം ശേഖരിക്കാൻ ഉദ്ദേശിക്കുന്നത് അതത് സ്ഥലങ്ങളിലും വ്യത്യസ്ത നിറങ്ങളിലുള്ള പോളിത്തീൻ ബാഗ് മുൻകൂട്ടി വിതരണം ചെയ്യണം ആവശ്യമെങ്കിൽ ഈ ബാഗുകൾ കെ.ഇ.ഐ.എല്ലിൽ നിന്നും വാങ്ങാവുന്നതാണ്.

   6 . പോളിത്തീൻ ബാഗുകളിൽ ശേഖരിക്കുന്ന വസ്തുക്കൾ ശേഖരിച്ച ശേഷം യാതൊരു കാരണവശാലും ബാഗ് തുറന്ന് പുറത്തെടുക്കുവാൻ പാടുള്ളതല്ല.

   7 . ശേഖരിക്കുന്നതിനായി നിയോഗിക്കപ്പെടുന്നവർക്ക് പേഴ്സണൽ പ്രൊട്ടക്ഷൻ കിറ്റ് ലഭ്യമാക്കണം.

4. ഗാർഹിക ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള ചെലവ്

1. ഗാർഹിക ബയോമെഡിക്കൽ മാലിന്യത്തിന്റെ ശേഖരണം, സംഭരണം, സംസ്കരണത്തിനായി കയ്യൊഴിയൽ എന്നീ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന ചെലവ് മാലിന്യം ഉല്പാദിപ്പിക്കുന്നവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2. ഇതിനുവേണ്ടി വരുന്ന ചെലവ് യാതൊരു കാരണവശാലും നഗരസഭ വഹിക്കുന്നതല്ല

3. മാലിന്യം ശേഖരിക്കുന്നതിനു വേണ്ടി വരുന്ന പോളിത്തീൻ ബാഗുകൾ നിശ്ചിത വിലയ്ക്ക് കെ.ഇ.ഐ.എല്ലിൽ നിന്നോ പൊതുവിപണിയിൽ നിന്നോ വാങ്ങാവുന്നതാണ്.

4. മാലിന്യം ശേഖരിച്ച ശേഷം സംസ്കരണ കേന്ദ്രമായ കെ.ഇ.ഐ.എല്ലിലേക്ക് നീക്കം ചെയ്യുന്നതിനുവേണ്ടി വരുന്ന വാഹന ചിലവ്, കയറ്റിറക്ക് ചെലവ്, ഈ പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെടുന്നവരുടെ വേതനം, കെ.ഇ.ഐ.എല്ലിൽ സംസ്കരിക്കുന്നതിനുള്ള ചെലവ് എന്നിവ ഈ പ്രവർത്തനം ഏറ്റെടുക്കുന്ന സംരംഭകൻ, സ്ഥാപനം, സംഘടന ആരാണോ

Scanned by CamScanner

ആണ് വഹിക്കേണ്ടതാണ്.

5. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ഇ.ഐ.എൽ) അവരുടെ ബയോമെഡിക്കൽ പ്ലാന്റിൽ മാലിന്യം സംസ്കരിക്കുന്നതിന് ഒരു കിലോഗ്രാമിന് 28.50 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

6. കെ.ഇ.ഐ.എല്ലിന്റെ വാഹനം ഉപയോഗിക്കുകയാണെങ്കിൽ വാഹനത്തിൽ കയറ്റാവുന്ന ഭാരത്തിന്റെ (ടണ്ണേജ്) അടിസ്ഥാനത്തിൽ കിലോമീറ്റർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

7. മുകളിൽ 3,4,5,6 ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള ചെലവിനങ്ങൾ കണക്കാക്കി മാലിന്യത്തിന്റെ ഭാരത്തിനാനുപാതികമായി ഒരു കിലോ ഗ്രാമിന് 50 രൂപയും ജി.എസ്.ടിയും ഉല്പാദകരിൽ നിന്ന് ഈടാക്കാവുന്നതാണ്.

8. മാലിന്യം ശേഖരിക്കുമ്പോൾ തന്നെ വേസ്റ്റ് പ്രോസസിംഗ് എക്സ്പെൻസ് (WPE) ഉല്പാദകനിൽ നിന്നും ഈടാക്കാവുന്നതാണ്.

9. മാലിന്യം ഉല്പാദിപ്പിക്കുന്നവരിൽ നിന്നും ചിലവ് ഈടാക്കുമ്പോൾ അതിന് ശരിയായ രസീത് നൽകേണ്ടതാണ്. രസീതിൽ നഗരസഭയുടെ സീൽ പതിക്കേണ്ടതും നഗരസഭ നൽകുന്ന ലൈസൻസിന്റെ നമ്പർ അച്ചടിച്ചിരിക്കേണ്ടതുമാണ്.

10. കെ.ഇ.ഐ.എൽ മുഖേന മാലിന്യം സംസ്കരിക്കുമ്പോൾ പ്രസ്തുത സ്ഥാപനവുമായി ഉണ്ടാകുന്ന സാമ്പത്തിക ഇടപാടുകൾ കരാറുകാരൻ തന്നെ തീർപ്പാക്കേണ്ടതും യാതൊരു കാരണവശാലും നഗരസഭ ഉത്തരവാദിയാകുന്നതുമല്ല.

11. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും കൺസെന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം മാത്രമെ ശേഖരണ പ്രക്രിയ ആരംഭിക്കാവൂ.

12. ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിലായിരിക്കണം മാലിന്യം സംസ്കരണ കേന്ദ്രത്തിലെത്തിക്കേണ്ടത്.

5. ഗാർഹിക ബയോമെഡിക്കൽ മാലിന്യത്തിന്റെ ഉല്പാദനവും സംസ്കരണവും

ഗാർഹിക ബയോമെഡിക്കൽ മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്ന വീടുകൾ, അപ്പാർട്ട്മെന്റുകൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ തുടങ്ങിയ വാസസ്ഥലങ്ങളുടെ ഉടമസ്ഥർ, ചുമതലപ്പെട്ടവർ, അസോസിയേഷനുകളുടെ ഭാരവാഹികൾ യാതൊരു കാരണവശാലും നഗരസഭയുടെ അംഗീകാരമില്ലാത്ത ഏജൻസികൾക്ക്/വ്യക്തികൾക്ക് മാലിന്യം കൈമാറാൻ പാടുള്ളതല്ല. മാലിന്യം കത്തിക്കുന്നതും അലക്ഷ്യമായി വലിച്ചെറിയുന്നതും ഇതര അജൈവ

Scanned by CamScanner

മാലിന്യത്തിനൊപ്പം കൈമാറുന്നതും 2016 ലെ ബയോമെഡിക്കൽ റൂൾസ് പ്രകാരം ശിക്ഷാർഹമാണ്. ജൈവ-അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തരംതിരിക്കുകയും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുകയും അജൈവമാലിന്യങ്ങൾ കൈയ്യൊഴിയുകയും ചെയ്യുന്നതുപോലെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകമായി ലഭ്യമാകുന്ന പോളിത്തീൻ ബാഗിൽ സൂക്ഷിക്കേണ്ടതും അംഗീകാരമുള്ള ഏജൻസിക്ക് മാത്രം കൈമാറുകയും ചെയ്യേണ്ടതാണ്. ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നത് ചെലവേറിയ പ്രവർത്തനമായതിനാൽ ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഏജൻസികൾക്ക് തൂക്കത്തിനാനുപാതികമായി സർക്കാർ നിശ്ചയിക്കുന്ന വേസ്റ്റ് പ്രോസസിംഗ് എക്സ്പെൻസായി 50 രൂപയും ജി.എസ്.ടി യും സർവ്വീസ് ചാർജായി നൽകേണ്ടതാണ്.

6. നിശ്ചിത ഫാറത്തിലുള്ള അപേക്ഷയോടൊപ്പം താൽപര്യ പത്രം ക്ഷണിച്ചു കൊണ്ടുള്ള അറിയിപ്പ് എല്ലാ പേജുകളിലും ഒപ്പിട്ട സമർപ്പിക്കേണ്ടതാണ്.

Scanned by CamScanner

## DOMESTIC BIO MEDICAL WASTE DISPOSAL

## FORMAT FOR REGISTRATION – WASTE COLLECTING AGENCY

Name of LSGI :

..........................................................................................

District ..........................................................................................................

| | | | | | | |
|---|---|---|---|---|---|---|
| 1 | Name of applicant | | | | | |
| 2 | Name of Agency | | | | | |
| 3 | Address | | | | | |
| 4 | Mobile Number | | | | | |
| 5 | Ward No and Name where organization located | | | | | |
| 6 | Whether your organization is authorized to collect waste by any LSGI? If so details of authorization including prior work experience (Attach copy) | | | | | |
| 7 | Nature of business entity | Single enterprise | Partnership | Company | Charitable society | Start up |
| 8 | No and details of registration (Attach copy) | | | | | |
| 9 | Does your organization has obtained **Consent to Operate** from PCB ? If so details (Attach copy) | | | | | |
| 10 | Business turnover for the last two years (2019-20 and 2020-21) Copy of Audit report | | | | | |
| 11 | GST/PAN Details (Copy to be attached) | | | | | |

Scanned by CamScanner

| INVITING EXPRESSION OF INTEREST | | |
|---|---|---|
| **ITEM** | **RATE** | **REMARKS** |
| Domestic Hazards Waste | | |
| Bio Medical Waste | | |
| Diaper, Napkin (Wet Waste) | | |
| | | |

ഒപ്പ്
സെക്ര.

G.M.24.11.22

Scanned by CamScanner